# കോളേജ് വിദ്യാഭ്യാസ വകുപ്പ്

## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഉദ്യോഗാർത്ഥിയെ 9340-14800 രൂപ ശമ്പള സ്കെയിലിൽ നിയമിച്ച്കൊണ്ട് ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ സി 6/7566/2018/കോ.വി.വ                    തീയതി 29/06/2018

---

പരാമർശം:- 1) തിരുവനന്തപുരം, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 24/03/2018 ലെ സി2/പിറ്റി 9/2018 നമ്പർ കത്ത്.

2) 05/06/2018 തീയതിയിൽ തിരുവനന്തപുരം കോളേജ് വിദ്യഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ വച്ച് നടന്ന അഭിമുഖം

3) പാർട്ട് ടൈം കണ്ടിജന്റ് സ്പെഷ്യൽ റൂൾസ് ജി.ഒ(പി) നം.152/75/പി.ഡി. തീയതി 02/08/1975.

### ഉത്തരവ്

പരാമർശം (1) പ്രകാരം തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അയച്ചു തന്ന ലിസ്റ്റിൽ നിന്നും അഭിമുഖം നടത്തിയതിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് 9340-14800 രൂപ ശമ്പള സ്കെയിലിൽ ചുവടെ ചേർത്തിരിക്കുന്ന ഉദ്യോഗാർത്ഥിയെ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | പേര് മേൽ വിലാസം | ജനന തീയതി | നിയമനം ലഭിച്ച സ്ഥാപനം |
|---|---|---|---|
| 1 | Sri. Shajeer.M<br>T C 35/46<br>M.K.M. Haneefa Nagar<br>Shahina House<br>Pathinarukal Mandapam<br>Vallakkadavu. P.O<br>Thiruvananthapuram.<br><br>(Muslim -NPy) | 30/05/1985 | കോളേജ് വിദ്യാഭ്യാസ വകുപ്പ്<br>ആസ്ഥാന കാര്യാലയം,<br>വികാസ് ഭവൻ,<br>തിരുവനന്തപുരം |

1) മേൽ നിയമനം ഉദ്യോഗാർത്ഥിയുടെ സ്വഭാവ പൂർവ്വ ചരിത്ര പരിശോധനയ്ക്ക് വിധേയമായിരിക്കും. വാസ്തവികതാ പരിശോധന റിപ്പോർട്ട് പ്രതികൂലമാകുന്ന പക്ഷം നിയമനം റദ്ദാക്കുന്നതായിരിക്കും.

GOVERNMENT OF KERALA 2017-18

2) ഈ ഉത്തരവ് കൈപ്പറ്റി പതിനാല് (14) ദിവസത്തിനകം ജനന തീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, അസിസ്റ്റന്റ് സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകിയ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ സഹിതം സമർപ്പിക്കേണ്ടതാണ്), കൂടാതെ ഒരു ഗസറ്റഡ് ഓഫീസറിൽ നിന്നും വാങ്ങിയ ഒരു സ്വഭാവ സർട്ടിഫിക്കറ്റ്, സംവരണ വിഭാഗത്തിൽ ഉൾപ്പെടുന്നവർ അസൽ നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് എന്നിവ സഹിതം കോളേജ് വിദ്യഭ്യാസ വകുപ്പ് സീനയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

3) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നാമ നിർദ്ദേശം ചെയ്യപ്പെട്ട് നിയമനം ലഭിച്ച ഉദ്യോഗാർത്ഥി, രജിസ്റ്റർ ചെയ്യുമ്പോൾ തെറ്റായ വിവരം നൽകിയതായോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും തെറ്റായി നാമ നിർദ്ദേശം ചെയ്യപ്പെട്ടതായോ പിന്നീട് തേളിയുന്ന പക്ഷം 30.08.1991 ലെ ജി.ഒ(എം.എസ്)70/91/തൊഴിൽ അനുസരിച്ച് ബന്ധപ്പെട്ട വ്യക്തിയ്ക്ക് വിശദീകരണം നൽകാൻ ന്യായമായ ഒരു അവസരം നൽകിയതിനു ശേഷം അപ്രകാരം നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയെ ഉടൻ തന്നെ പിരിച്ചുവിടുന്നതാണ്.

4) നിശ്ചിത സമയപരിധിക്കുള്ളിൽ ജോലിക്ക് ഹാജരാകാതെ വന്നാൽ ഇനിയൊരു അറിയിപ്പില്ലാതെ തന്നെ താങ്കളുടെ നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.

5) നിലവിലെ ജനന തീയതിയിൽ അപാകത ഉണ്ടെങ്കിൽ ആയത് പരിഹരി ക്കുന്നതിലേക്കായി നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം, നിയമനം ലഭിച്ച് അഞ്ച് വർഷത്തിനകം ഉചിതമാർഗ്ഗേന അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്/-
സീതാലക്ഷ്മി അമ്മ.എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ട വ്യക്തിക്ക്
(രജി. തപാൽ കൈപ്പറ്റ് രസീതു സഹിതം)

പകർപ്പ്:-
1) സി 5 സെക്ഷൻ
2) സിസ്റ്റം മാനേജർ( ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
3) കരുതൽ ഫയൽ / നടപ്പു ഫയൽ

// അംഗീകാരത്തോടെ//

സൂപ്രണ്ട്

ജയ/2//7/18

GOVERNMENT OF KERALA 2017-18